**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ് - കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് - പൊതുമേഖലാ ഇൻഷ്വറൻസ് കമ്പനികളുമായുള്ള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിന്റെ 30/09/2025-ന് അവസാനിച്ച കോ- ഇൻഷ്വറൻസ് ഉടമ്പടി പുതുക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ധനകാര്യ (എസ്റ്റാബ്ലിഷ്മെന്റ് - ഡി) വകുപ്പ്**

**സ.ഉ (സാധാ) നം. 2560/2026/ധന** **തീയതി,തിരുവനന്തപുരം, 11/03/2026**

പരാമർശം :- 1. സംസ്ഥാന ഇൻഷ്വറൻസ് ഡയറക്ടറുടെ 20/11/2025 തീയതിയിലെ ഇൻഷ്വ/ഡെവ.വിംഗ്/ഡി.വി3/റ്റി 00191913 നമ്പർ കത്ത്.
2. 18/10/2023 തീയതിയിലെ സ.ഉ(സാധാ)നം. 7347/2023/ധന ഉത്തരവ്.

**ഉത്തരവ്**

കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പും ഓറിയന്റൽ ഇൻഷ്വറൻസ് കമ്പനി, നാഷണൽ ഇൻഷ്വറൻസ് കമ്പനി, യുണൈറ്റഡ് ഇന്ത്യ ഇൻഷ്വറൻസ് കമ്പനി എന്നീ പൊതുമേഖലാ ഇൻഷ്വറൻസ് കമ്പനികളും തമ്മിലുള്ള പരാമർശം (2) പ്രകാരമുള്ള കോ- ഇൻഷ്വറൻസ് ഉടമ്പടിയുടെ കാലാവധി 30/09/2025 ന് അവസാനിച്ച സാഹചര്യത്തിൽ, പ്രസ്തുത ഇൻഷ്വറൻസ് കമ്പനികളുമായി 01/10/2025 മുതൽ 30/09/2027 വരെ (രണ്ട് വർഷത്തേക്ക്) കോ-ഇൻഷ്വറൻസ് കരാറിലേർപ്പെടുന്നതിനുള്ള അനുമതിക്കായി ടി ഇൻഷ്വറൻസ് കമ്പനികൾ നൽകിയിട്ടുള്ള ധാരണാപത്രത്തിന്റെ പകർപ്പ് സഹിതം പരാമർശം (1) പ്രകാരം ഇൻഷ്വറൻസ് ഡയറക്ടർ അപേക്ഷ സമർപ്പിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, യുണൈറ്റഡ് ഇന്ത്യ ഇൻഷ്വറൻസ് കമ്പനി, ഓറിയന്റൽ ഇൻഷ്വറൻസ് കമ്പനി, നാഷണൽ ഇൻഷ്വറൻസ് കമ്പനി എന്നീ പൊതുമേഖലാ ഇൻഷ്വറൻസ് കമ്പനികളുമായി 01/10/2025 മുതൽ 30/09/2027 വരെയുള്ള 2 വർഷത്തേയ്ക്ക് കൂടി, കരാറിലെ വ്യവസ്ഥകൾ അംഗീകരിച്ചുകൊണ്ട് കോ-ഇൻഷ്വറൻസ് കരാറിൽ ഏർപ്പെടുന്നതിന് ഇൻഷ്വറൻസ് വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**എൽസി ജോർജ്ജ്**
അണ്ടർ സെക്രട്ടറി (ധനകാര്യം)

പകർപ്പ്:

അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് II) കേരള, തിരുവനന്തപുരം
ഡയറക്ടർ ,കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ്, തിരുവനന്തപുരം
വെബ് & ന്യൂ മീഡിയ, പി. ആർ. ഡി.
നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ് ( www.finance.kerala.gov.in)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.(നം. 2565293/എസ്റ്റാ.ഡി.2/118/2023/ധന)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ